കേരള കാർഷികസർവകലാശാല

കാർഷിക കോളേജ്,വെള്ളായണി

തിരുവനന്തപുരം 695 522

Phone : 0471-2381002, 2381915

e-mail: deanagri@kau.in, coavellayani@kau.in

നം. COAVNY/14903/2024-GL-A1 തീയതി: 22-03-2025

## ക്വട്ടേഷൻ നോട്ടീസ്

വെള്ളായണി കാർഷിക കോളേജ് ഓഫീസിൽ ക്യാബിൻ നിർമ്മിക്കുന്നതിനായി ചുവടെ ചേർക്കുന്ന സ്പെസിഫിക്കേഷനും നിബന്ധനകൾക്കും വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

### പ്രവൃത്തിയുടെ വിശദാംശം

| | |
|---|---|
| **Name of Work** | Providing Aluminium partition, door and sliding work |
| **Dimensions** | |
| Size | 8 ft height x 9 ft width x 11 ft length |
| Sliding work size | 5 ft height x 3.5 ft width |
| Fixed Work | 1.5 ft height x 3.5 ft width |
| **Specifications** | |
| | Powder coated aluminium partition using aluminium section of size 2.5 x 1.5, 9 mm sheet 5 mm plain glass |
| | Aluminium door of size 90 cm x 210 cm using aluminium sections of size 63 mm/40 mm x 1.25, 9 mm sheet and 5 mm plain glass with locking arrangements etc |
| | Cost includes : Materials, Transportation and labour charges |

### മറ്റു നിബന്ധനകൾ

1. മേൽപ്രവൃത്തി നിർവഹിക്കുന്നതിനുള്ള നിർമ്മാണ സാധനങ്ങൾക്കാവശ്യമായ തുക (ജി എസ് ടി ഉൾപ്പടെ) ഉൾപ്പെടെയുള്ള ഏറ്റവും കുറഞ്ഞ നിരക്ക് വെള്ളക്കടലാസ്സിൽ രേഖപ്പെടുത്തി പൂർണ്ണ മേൽവിലാസം എഴുതി ഒപ്പിട്ടാണ് ക്വട്ടേഷനുകൾ തയ്യാറാക്കേണ്ടത്.
2. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം ബന്ധപ്പെട്ട തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. മുദ്ര വച്ച ക്വട്ടേഷനുകൾ **02.04.2025 രാവിലെ 11.30 മണി** വരെ **ഡീൻ ഓഫ് ഫാക്കൽറ്റി, കാർഷിക കോളേജ്, വെള്ളായണി** എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതും ആയത് അന്നേ ദിവസം ഉച്ചയ്ക്ക് 12.00 മണിക്ക് സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാനിധ്യത്തിൽ തുറക്കുന്നതുമായിരിക്കും. നിശ്ചിത സമയപരിധിക്കു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.
4. ക്വട്ടേഷൻ അടക്കം ചെയ്ത കവറിനു പുറത്ത് **"കോളേജ് ഓഫീസിൽ ക്യാബിൻ നിർമ്മിക്കുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് എഴുതിയിരിക്കേണ്ടതാണ്.
5. ഏറ്റവും ന്യായമായ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തി/സ്ഥാപനത്തിന്റെ പേരിൽ ഉചിതമെന്ന് തോന്നുന്ന പക്ഷം മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷൻ ഉറപ്പിക്കുന്നതായിരിക്കും.
6. ഏത് ക്വട്ടേഷൻ സ്വീകരിക്കണമെന്നതിൽ കോളേജ് മേധാവിയ്ക്ക് വിവേചനാധികാരം ഉണ്ടായിരിക്കും. നിലവിലുള്ള ചട്ടങ്ങളിലേയും സർക്കാർ ഉത്തരവുകളിലേയും വ്യവസ്ഥകൾ ഇതിനു ബാധകമായിരിക്കും.
7. ഈ ഓഫീസിൽ നിന്ന് നൽകുന്ന വർക്ക് ഓർഡർ അനുസരിച്ചാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്. വർക്ക് ഓർസർ ലഭിച്ച് ഏഴ് ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതാണ്.
8. പ്രവൃത്തി തൃപ്തികരമാം വിധത്തിൽ പൂർത്തിയാക്കിയതിന് ശേഷം ഇൻവോയ്സ് അതിസ്ഥാനത്തിൽ ബാങ്ക് മുഖേനയായിരിക്കും തുക നൽകുക. പണം മുൻകൂർ നൽകുന്നതല്ല.
9. കരാർ തുകയിൽ നിന്ന് നിലവിലുള്ള നിരക്കിൽ ആദായ നികുതി ഈടാക്കുന്നതാണ്. ഇതിനായി പാൻകാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
10. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ വ്യക്തിക്ക് ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്കിലുള്ള തുകയല്ലാതെ മറ്റ് യാതൊരു അനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
11. കരാറുകാരുടെ പ്രവർത്തനങ്ങൾ, കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നു കണ്ടാൽ കരാറുകാരുടെ ഭാഗം വിശദീകരിക്കുന്നതിന് ന്യായമായ അവസരം നൽകിയതിനു ശേഷം വിശദീകരണം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ കരാർ അവസാനിപ്പിക്കുന്നതിനുള്ള അധികാരം ഡീൻ ഓഫ് ഫാക്കൽറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.
12. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, യാതൊരു കാരണം കൂടാതെ നിരസിക്കുന്നതിനും ഡീൻ ഓഫ് ഫാക്കൽറ്റിക്ക് അധികാരമുണ്ടായിരിക്കും
13. സർക്കാർ ക്വട്ടേഷനുകൾക്കുള്ള മറ്റ് എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

**Dr. Roy Stephen**

**DEAN OF FACULTY (AGRICULTURE)**

പകർപ്പ് : കേരള കാർഷിക സർവകലാശാല വെബ്സൈറ്റ് /കോളേജ് നോട്ടീസ് ബോർഡ്

**ഉത്തരവിൻ പ്രകാരം**

Signed by
Suresh Kumar R P
Date: 22-03-2025 12:50:15

**സെക്ഷൻ ഓഫീസർ**